# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1198 — 12-06-2014-ലെ മറുപടിക്ക്

**നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് അനുഭവപ്പെടുന്നുണ്ടോ? എങ്കിൽ എത്രത്തോളമാണെന്ന് വിശദമാക്കുമോ? | എ) | ഉണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകാറുണ്ട്. ഇന്ധന വില വർദ്ധനവ് മൂലം ട്രാൻസ്പോർട്ടേഷൻ ചാർജിൽ വർദ്ധനവ് വന്നിട്ടുള്ളതുകൊണ്ടും നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം വില വർദ്ധന ഒരു പരിധി വരെ പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്. |
| ബി) | വിലവർദ്ധനവ് തടയുന്നതിന് 2013-14 സാമ്പത്തിക വർഷത്തിൽ എത്ര തുക നീക്കിവെച്ചിരുന്നു; | ബി) | ബജറ്റ് വിഹിതമായ 60 കോടി രൂപയ്ക്ക് പുറമെ 56.021 കോടി രൂപ വിപണി ഇടപെടലിനായി സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. |
| സി) | ഇതിൽ 2013 മാർച്ച് 31 വരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | സി) | അനുവദിച്ച മുഴുവൻ തുകയും സപ്ലൈകോ ചിലവഴിച്ചിട്ടുണ്ട്. |
| ഡി) | 2014-15 സാമ്പത്തിക വർഷത്തിൽ ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കുമോ? | ഡി) | നടപ്പു സാമ്പത്തിക വർഷം 65 കോടി രൂപ സപ്ലൈകോയ്ക്ക് വകയിരുത്തിയിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

4